(ബി) ഇണ്ടേരി ബ്ലോക്കിൽപ്പെട്ട എടച്ചേരി ഗ്രാമ പഞ്ചായത്തിലെ മണ്ണ്-ജല സംരക്ഷണത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്രകാരമുള്ള ഒരു പദ്ധതി സർക്കാരിൽ ലഭ്യമായിട്ടില്ല.

കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫിന്റെ നിയമനം

108 (1093) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലെ ഫാം സ്റ്റാഫിന്റെ നിയമനം വർഷങ്ങളായി നടക്കാറില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഫാം സ്റ്റാഫിന്റെ നിയമനം അടുത്തിടെ നടന്നിട്ടില്ലെങ്കിലും ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഫാം സ്റ്റാഫിന്റെ നിയമനം അടുത്തിടെ നടന്നിട്ടില്ലെങ്കിലും ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു.

കാർഷിക കോളേജുകളിലെ എന്റമോളജി അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം

109 (1094) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ GA/K1/34376/2012 നമ്പർ, 3-3-2016-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്റർവ്യൂ കഴിഞ്ഞ വിവിധ കാർഷിക കോളേജുകളിലെ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിൽ നാല് ഒഴിവുകളാണുള്ളത്.

(ബി) എത്രപേരുടെ റാങ്ക് പട്ടികയാണ് നിലവിൽ തയ്യാറാക്കിയതെന്നും എത്രപേരെ നിലവിൽ വിവിധ കോളേജുകളിൽ നിയമിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ നിയമിക്കുമെന്നും വിശദമാക്കാമോ?

അഗ്രികൾച്ചറൽ എന്റമോളജി വിഭാഗത്തിൽ 48 പേരുടെ റാങ്ക് പട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പട്ടികയിൽനിന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അഗ്രി. എന്റമോളജി വിഭാഗത്തിൽ 19 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനുള്ളിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്താനാകുന്നതാണ്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി 17-8-2021-ന് അവസാനിക്കുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് നിയമനം

110(1095) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനങ്ങൾ നടന്നത് എപ്പോഴാണെന്ന് അറിയിക്കാമോ?

ഫാം ഓഫീസർ തസ്തികയിൽ അവസാനമായി നിയമനം നടന്നത് 2010-ലാണ്. കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം ഫാം ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു: